**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2167** — 07.07.2015 ൽ മറുപടിക്ക്

<u>ഇ-പെയ്മെൻറ് ഗേറ്റ് വേ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. പി. എ. മാധവൻ**<br>**ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**<br>**ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. വി. ഡി. സതീശൻ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഇ-പെയ്മെൻറ് ഗേറ്റ് വേ നിലവിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) ഉണ്ട്. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സേവനങ്ങൾക്ക് ഒടുക്കേണ്ടി വരുന്ന പണമിടപാടുകൾ ഓൺലൈൻ ആയി നടത്തുക എന്നതാണ് ഇ-പെയ്മെൻറ് സംവിധാനത്തിന്റെ ലക്ഷ്യം. |
| (ബി) സർക്കാർ സേവനങ്ങൾക്കാവശ്യമായി വരുന്ന പണമിടപാടുകൾ ഓൺലൈനായി നടത്താൻ എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിലുള്ളത്; വിശദമാക്കുമോ? | (ബി) അംഗീകൃത ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ചും 70 - ൽ പരം ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചും പണം ഒടുക്കുന്നതിന് ഈ സംവിധാനത്തിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) പ്രസ്തുത സംവിധാനം വിവിധ വകുപ്പുകളുടെ/ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് പദ്ധതികളുമായി സംയോജിപ്പിച്ച് ആവശ്യമായി വരുന്ന പണമിടപാടുകൾ ഓൺലൈൻ ആയി നടത്തുന്നതിന് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സ്വന്തമായി ഓൺലൈൻ റസീപ്റ്റ് പോർട്ടലുകൾ ഉള്ള വകുപ്പുകളെ (ഉദാഹരണത്തിന് മോട്ടോർ വാഹന വകുപ്പ്, വാണിജ്യ നികുതി വകുപ്പ്) ഇ-ട്രഷറിയുമായി സംയോജിപ്പിക്കുന്നതിനും മറ്റു വകുപ്പുകൾ സ്വന്തമായി ഇലക്ട്രോണിക് റസീപ്റ്റ് പോർട്ടലുകൾ വികസിപ്പിച്ചെടുക്കുവാനും തുടർന്ന് ഇ-ട്രഷറിയുമായി ബന്ധിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**